# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4963.    24.07.2015-ൽ മറുപടിക്ക്

## ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ജോസഫ് വാഴയ്ക്കൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വർക്കല കഹാർ<br>,, വി.ഡി.സതീശൻ | | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| ബി) | എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (ബി) | കേരള വാട്ടർ അതോറിറ്റി ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം, ഇൻ ടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ ചാർജ്ജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2012-17 കാലയളവിൽ പരമാവധി 200 ഗ്രാമപഞ്ചായത്തു കളിൽ ജനകീയ പങ്കാളിത്ത ത്തോടെ ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളവും 7 ലക്ഷത്തോളം ആളുകൾക്ക് ശുചിത്വ സൗകര്യങ്ങളും ഒരുക്കുവാനാണ് ജലനിധിയുടെ രണ്ടാംഘട്ട ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കുടിവെള്ള വിതരണ ത്തോടൊപ്പം പദ്ധതി പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്നതിനും പദ്ധതി നടപ്പാക്കുന്നതിനും തുടർ പ്രവർത്തന ങ്ങൾ നടത്തുന്നതിനും ഗ്രാമീണ ജനതയെ സജ്ജമാക്കുക എന്ന സവിശേഷതയും ജലനിധി പദ്ധതിക്കുണ്ട്. |
| (സി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | (സി) | നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്തിന് പൂർത്തീകരിക്കുന്നതിന് വേണ്ട പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗ നിർ ദ്ദേശങ്ങൾ കീഴ്ഘടകങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇത് കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ